ലേഖനം

●

വി.എം ഹസനുൽബന്ന

**ദലിത് മുസ്‌ലിം ഇനി അപരൻ -2**

# മാറ്റിമറിക്കുന്ന മാനദണ്ഡങ്ങൾ

## (സംവരണത്തെക്കുറിച്ച രംഗനാഥ മിശ്ര കമീഷൻ റിപ്പോർട്ട് അവലോകനം)

**ഏതെങ്കിലും** ഒരു ജാതിയെയോ ഗോത്രത്തെയോ വർഗത്തെയോ അപ്പാടെ പട്ടിക ജാതി - പട്ടിക വർഗ-പിന്നാക്ക പട്ടികയിൽ ഉൾപ്പെടുത്തുന്നത് സാമൂഹിക നീതിയുടെ തത്ത്വങ്ങൾക്ക് എതിരാണെന്നാണ് രംഗനാഥ മിശ്ര കമീഷൻ റിപ്പോർട്ടിന്റെ കണ്ടെത്തൽ. "ഒരു ജാതിയും വർഗവും ഗോത്രവും മൊത്തത്തിൽ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ അവഗണന അനുഭവിക്കുന്നില്ല. കഴിഞ്ഞ 60 വർഷത്തിനുള്ളിൽ അവസരങ്ങളുടെയും വികസനത്തിന്റെയും കാര്യത്തിൽ രാജ്യത്തെ ഗ്രാമ-നഗരങ്ങളിൽ മാറ്റമുണ്ടായിട്ടുണ്ട്. വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലേക്കും മറ്റു സേവന മേഖലകളിലുമുള്ള പ്രവേശനം, വികസന കാൽവെപ്പുകളെ തുടർന്നുണ്ടായ കമ്പോള സമ്പദ്ഘടന, വ്യവസായവൽക്കരണം, വാർത്താ വിനിമയ ശൃംഖലയുടെ വ്യാപനം എന്നിവ ഗ്രാമ-നഗരങ്ങൾ തമ്മിലുള്ള വിടവ് ഇല്ലാതാക്കുകയും വിവിധ തരക്കാരായ ജനങ്ങൾ തമ്മിലുള്ള വ്യത്യാസം കുറക്കുകയും ചെയ്തു. നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഗ്രൂപ്പിനെയോ വർഗത്തെയോ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കമാണെന്ന് നിർണയിക്കാൻ കഴിയാത്ത വിധം പിന്നാക്കാവസ്ഥ ജാതി-ഗോത്ര-സമുദായങ്ങൾക്കുള്ളിലുള്ള

വ്യത്യാസങ്ങൾ കനപ്പെടുത്തുകയും ചെയ്തു. സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ നിർണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പൂർണമായും അപ്രസക്തമായതിനാൽ പ്രയോഗവൽക്കരിക്കാനാവുന്ന മാനദണ്ഡങ്ങൾ കണ്ടെത്തുകയാണ് സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളെ കണ്ടെത്താനുള്ള ഒരേയൊരു മാർഗം" (വാള്യം ഒന്ന് പേജ് 65).

ജാതിയെയോ ഗോത്രത്തെയോ വർഗത്തെയോ അടിസ്ഥാനമാക്കി സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തുന്ന നിലവിലുള്ള രീതി പല കാരണങ്ങളാലും തൃപ്തികരമല്ല. ഏതെങ്കിലും ശാസ്ത്രീയമായ സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിലല്ലാതെ തയാറാക്കിയ ഇത്തരം പട്ടികകൾ ശക്തമായി ചോദ്യം ചെയ്യപ്പെടേണ്ടതാണ്. വിശ്വാസയോഗ്യമായ സ്ഥിതിവിവരത്തിന്റെ അഭാവത്തിൽ പട്ടിക തയാറാക്കും മുമ്പെ തീർച്ചയായും വ്യാപക സർവേ നടത്തണം. പട്ടിക ജാതി -വർഗക്കാരുടെ കാര്യത്തിൽ സ്വാതന്ത്ര്യത്തിന് മുമ്പോ പിമ്പോ അത്തരത്തിലുള്ള ഒരു സർവേ നടന്നിട്ടേയില്ല. മണ്ഡൽ കമീഷനും അതിന് ശേഷം ദേശീയ പിന്നാക്ക വർഗ കമീഷനും സംസ്ഥാന സർക്കാറുകളും തയാറാക്കിയ ഒ.ബി.സി പട്ടിക ഏതാണ്ട് പരിമിത വിവരത്തെയും വ്യക്തിഗതമായ നിർണയത്തിന്റെയും അടിസ്ഥാനത്തിലായിരുന്നു. പട്ടികയിൽ ഉൾപ്പെടുത്താൻ സ്വീകരിച്ച നടപടിക്രമങ്ങൾ (പ്രത്യേകിച്ചും ഒ.ബി.സിയുടെ കാര്യത്തിൽ) നേരായ രീതിയിലായിരുന്നില്ല. സാമൂഹിക സാമ്പത്തിക പിന്നാക്കാവസ്ഥയുമായി നീതി പുലർത്തുന്നതായിരുന്നില്ല. പട്ടികയിലുൾപ്പെടുത്തുന്നതിന് കേന്ദ്ര -സംസ്ഥാന തലങ്ങളിൽ രാഷ്ട്രീയ പരിഗണനയാണ് നയിച്ചതെന്ന് തെളിയിക്കുന്ന നിരവധി ഉദാഹരണങ്ങൾ കമീഷന് ലഭിക്കുകയും ചെയ്തു. ഉൾപ്പെടുത്തിയ ജാതികളിൽ വിവിധ പദ്ധതികളും പരിപാടികളും സൃഷ്ടിക്കുന്ന പ്രതിഫലനങ്ങൾ പതിവായി വിലയിരുത്താനോ അയോഗ്യരായിട്ടും പട്ടികയിൽ ഇടം പിടിച്ചവരെ പുറന്തള്ളാനോ സംവിധാനമില്ലാത്തത് സ്ഥിതിഗതികൾ കൂടുതൽ സങ്കീർണമാക്കി. അയോഗ്യരായവരെ ഈ പട്ടികകളിൽനിന്ന് പുറന്തള്ളാത്തത് ന്യൂനപക്ഷങ്ങളുൾപ്പെടെയുള്ള വിവിധ കാറ്റഗറികളിലുള്ള ഏറ്റവും പിന്നാക്കക്കാരും പരമദരിദ്രരുമായ ജനവിഭാഗങ്ങളെ പാർശ്വവൽക്കരിക്കുന്നതിലാണ് കലാശിച്ചത്. അതുകൊണ്ടാണ് മേൽത്തട്ടുകാരെ സംവരണത്തിൽനിന്ന് ഒഴിവാക്കണമെന്ന് എല്ലാ വിഭാഗങ്ങളും ആവശ്യമുയർത്തിത്തുടങ്ങിയിരിക്കുന്നത്.

ഇത്തരം തകരാറുകൾ മൂലവും പ്രയോഗവൽക്കരിക്കുന്നതിലുണ്ടായ പ്രതിബന്ധങ്ങൾ മൂലവും സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരുടെ അഭിവൃദ്ധിക്കായി ആവിഷ്ക്കരിച്ച വിവിധ പദ്ധതികൾ ഏകീകൃത രൂപത്തിൽ അർഹിക്കുന്നവരുടെ കൈകളിലേക്കെത്തിയില്ല.

ഈ അസംതൃപ്തി പട്ടിക ജാതിക്കാരിലും പട്ടിക വർഗക്കാരിലും ഒ.ബി.സിക്കാരിലും ന്യൂനപക്ഷങ്ങളിലും വ്യാപകമായുണ്ട്. പട്ടികയിൽ ഉൾപ്പെട്ടാലും ഇല്ലെങ്കിലും ഏറ്റവും പിന്നാക്കക്കാരനും പാവപ്പെട്ടവനും സേവനങ്ങളും സൗകര്യങ്ങളും അനുഭവിക്കാത്തത് ഈ സമുദായങ്ങൾക്കുള്ളിലെ അസംതൃപ്തി വർധിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

സംസ്ഥാനങ്ങളിലേക്കുള്ള കമീഷന്റെ പര്യടനങ്ങളിൽ മേൽത്തട്ട് ഒഴിവാക്കണമെന്ന ആവശ്യം ഉയർന്നുവരാനിടയായ സാഹചര്യം ഇതാണെന്ന് റിപ്പോർട്ട് വിശദീകരിക്കുന്നു. മതമോ ജാതിയോ അല്ല പിന്നാക്കാവസ്ഥ നിർണയിക്കുന്നതെന്ന സമവായത്തിലേക്കാണ് ഈ അഭിപ്രായങ്ങളെത്തുന്നതെന്നാണ് കമീഷന്റെ പക്ഷം. "ദാരിദ്ര്യം

ജാതി-മതങ്ങളെ അടിസ്ഥാനമാക്കിയല്ല. ജാതി മത വർഗ ഭേദമന്യേ രാജ്യമൊട്ടാകെ ഏകീകൃതമായി പ്രയോഗിക്കാവുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലേ സാമൂഹിക സാമ്പത്തിക പിന്നാക്കാവസ്ഥ കണക്കാക്കാവൂ" (വാള്യം ഒന്ന്, പേജ് 66).

## പുതിയ നിർദേശം

ഗ്രാമങ്ങളിലെ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വരെ കണ്ടെത്താൻ ദാരിദ്ര്യ രേഖക്ക് താഴെയുള്ള (ബി.പി.എൽ) കുടുംബങ്ങളെ കണ്ടെത്താൻ ഉപയോഗിക്കുന്ന മാനദണ്ഡമാണ് ഏറ്റവും നല്ലതെന്നാണ് മിശ്ര കമീഷന്റെ വിലയിരുത്തൽ. അതിന് കമീഷൻ പറയുന്ന കാരണങ്ങളിവയാണ്:

1. മത-ജാതി ഭേദമില്ലാത്ത ഏകീകൃത അളവുകോൽ ഉപയോഗിച്ച് സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനാൽ ഇത് യുക്തിപൂർവവും നീതീകരിക്കത്തക്കതുമാണ്.

2. ഓരോ കുടുംബത്തിന്റെയും നിലവാരമളന്ന് വീടുകൾ കേന്ദ്രീകരിച്ചുള്ള സർവേ അടിസ്ഥാനമാക്കിയതിനാൽ സാമൂഹികമായും സാമ്പത്തികമായും സഹായമർഹിക്കുന്നവരെയും പാവപ്പെട്ടവരെയും ഇത് ലക്ഷ്യമിടുന്നു.

3. പട്ടിക ജാതി - പട്ടിക വർഗക്കാരല്ലാത്ത വലിയൊരു ശതമാനം ബി.പി.എൽ ഗുണഭോക്താക്കളുള്ളത് പട്ടികയിൽ ന്യൂനപക്ഷങ്ങളുമുള്ളതിന്റെ സൂചനയാണ്.

4. തിരുത്താൻ അവസരമുള്ളതിനാൽ ബി.പി.എൽ കുടുംബങ്ങളെ കണ്ടെത്തുന്ന നടപടിക്രമം കൂടുതൽ ശാസ്ത്രീയവും യുക്തിസഹവും സുതാര്യവുമാണ്.

5. പതിവായി അഞ്ചു വർഷം കൂടുമ്പോൾ പട്ടിക പുതുക്കുന്നതിനാൽ സ്വാഭാവികമായും അനർഹർ പുറന്തള്ളപ്പെടുകയും അർഹർ ഉൾപ്പെടുകയും ചെയ്യും.

6. വരുമാനവുമായി ബന്ധപ്പെട്ട സ്ഥിതിവിവരത്തിന്റെ അഭാവത്തിൽ ഗ്രാമസഭകളുടെ അംഗീകാരം വാങ്ങിക്കുന്ന പ്രക്രിയ ദുരുപയോഗത്തിന്റെ സാധ്യത പരമാവധി കുറക്കും.

ബി.പി.എൽ കുടുംബങ്ങളെ കണക്കാക്കാനുള്ള മാനദണ്ഡങ്ങളിൽ ചിലതിന്റെ പ്രയോഗക്ഷമത പുനഃപരിശോധിക്കേണ്ടതുണ്ടെന്നും ഇതോടൊപ്പം കമീഷൻ വ്യക്തമാക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ പാവങ്ങളെ കണ്ടെത്താനേ ഇത് സഹായകമാകൂ. നഗരങ്ങളിലെ പാവങ്ങളെ കണ്ടെത്താൻ കൃത്യമായ ഒരു സർവേയുണ്ടായിട്ടില്ല. എന്നാൽ 1999-2000 ജൂലൈയിലെ നാഷനൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ പുറത്തുവിട്ട കണക്കു പ്രകാരം ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ള ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും സ്ഥിതി ഏറക്കുറെ ഒരുപോലെയാണ്. എന്നാൽ നഗരങ്ങളിൽ മുസ്‌ലിംകളാണ് കൂടുതലും ദാരിദ്ര്യരേഖക്ക് താഴെയുള്ളത്. നഗരങ്ങളിലെ 21.66 ശതമാനം ഹിന്ദുക്കൾ ദാരിദ്ര്യരേഖക്ക് താഴെ നിൽക്കുമ്പോൾ 36.92 ശതമാനം മുസ്‌ലിംകളാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ളത്. ക്രിസ്ത്യാനികളുടെ കാര്യത്തിലിത് 11.84 ശതമാനമാണ്.

## ഇസ്‌ലാമിലും ദലിതൻ

ഇന്ത്യൻ ഭരണഘടന പട്ടിക ജാതി പദവി ഏതെങ്കിലും മതത്തിന് പതിച്ചു കൊടുത്തിട്ടില്ല. അഹിന്ദുവിനെ പട്ടികജാതിക്കാരനാക്കാനാവില്ലെന്ന 1950-ൽ പുറത്തിറക്കിയ ഭരണഘടനാ ഉത്തരവിന്റെ മൂന്നാം ഖണ്ഡിക ഭേദഗതി ചെയ്തത് ഇതുകൊണ്ടാണെന്നും കമീഷൻ ചൂണ്ടിക്കാട്ടുന്നു. സിഖുകാരെ ഉൾപ്പെടുത്താൻ 1956-ലും ബുദ്ധമതക്കാരെ ഉൾപ്പെടുത്താൻ 1990-ലുമാണ് ഇങ്ങനെ ഭേദഗതി ചെയ്തത്. ഇവിടെ മിശ്ര കമീഷൻ ഉയർത്തുന്ന പ്രസക്തമായ ചോദ്യമിതാണ്:

"ഒരാൾ മുസ്‌ലിമായിക്കൊള്ളട്ടെ അവന്റെ ജാതി പിന്നാക്ക സമുദായങ്ങളുടെ ഗണത്തിൽപ്പെടുന്നതാണെങ്കിൽ അവനെ പിന്നാക്കക്കാരനായി പരിഗണിച്ച് അത്തരം ആനുകൂല്യങ്ങൾ നൽകുന്നു. എന്നാൽ ഒരു മുസ്‌ലിം അവന്റെ ജാതി പട്ടിക ജാതിയിൽ ഉൾപ്പെട്ടിട്ടും അവൻ മുസ്‌ലിമാണെന്നതിനാൽ മാത്രം ഈ ആനുകൂല്യങ്ങൾക്ക് പുറത്താകുന്നു." ഇത് സർക്കാറിന്റെ സമീപനത്തിലെ വലിയ വിവേചനമായും കമീഷൻ കുറ്റപ്പെടുത്തുന്നു (പേജ് 142).

ലഭ്യമായ എല്ലാ തെളിവുകളുടെയും അടിസ്ഥാനത്തിൽ ഏറക്കുറെ എല്ലാ മതങ്ങളിലും അവയുടെ പ്രേരണക്ക് അനുസൃതമല്ലെങ്കിലും നിലനിൽക്കുന്ന ഇന്ത്യൻ സാമൂഹിക പ്രതിഭാസമാണ് ജാതി വ്യവസ്ഥ എന്ന് കമീഷൻ രേഖപ്പെടുത്തുന്നു. ഒരു മതത്തിന്റെയോ ജാതിയുടെയോ അടിസ്ഥാനത്തിൽ സംവരണം പോലുള്ള കാര്യങ്ങളിൽ പ്രത്യേക ആനുകൂല്യങ്ങൾ നൽകരുതെന്ന് പറയുന്നവർ പട്ടിക ജാതി പദവി മാത്രം മതത്തെ അടിസ്ഥാനമാക്കിയാകണം എന്ന് പറയുന്നതിൽ യുക്തിയില്ലെന്ന് കമീഷൻ ഉപസംഹരിക്കുന്നു (പേജ് 143).

ഈ ഉപസംഹാരത്തിൽ നിന്നാണ് കമീഷൻ ദലിത് മുസ്‌ലിമിനെ അപരനാക്കി പട്ടിക ജാതിക്കാരനാക്കണമെന്ന വാദത്തിന് അടിവരയിടുന്നത്. പല ജാതികളും ഒരുപോലെ വിവിധ മതവിഭാഗങ്ങൾക്കിടയിലുണ്ടെന്നു മാത്രമല്ല, സ്വന്തം വിശ്വാസികളിൽനിന്നും മറ്റുള്ളവരിൽനിന്നും സാമൂഹികമായ അപമാനത്തിനും മോശമായ പെരുമാറ്റത്തിനും അവർ ഒരു പോലെ ഇരയാവുകയും ചെയ്യുന്നുണ്ട്. അതിനാൽ പട്ടിക ജാതിക്കാരെ തെരഞ്ഞെടുക്കുമ്പോൾ മതപരമായ വിവേചനം അരുത്. "ഏതെങ്കിലും പ്രത്യേക മതത്തിന്റെ അധ്യാപനങ്ങളും തത്ത്വങ്ങളും അംഗീകരിച്ചാലുമില്ലെങ്കിലും അത് ചോദിക്കാതെ ഇന്ത്യൻ സമൂഹത്തിന്റെ പൊതു സാമൂഹിക സ്വഭാവമായി ജാതി വ്യവസ്ഥയെ അംഗീകരിക്കണം" എന്ന് കമീഷൻ ശിപാർശ ചെയ്യുന്നു. ഈ ശിപാർശയോടൊപ്പം കുറെ കൂടി ഗൗരവത്തിൽ "ക്രിസ്തുമതവും ഇസ്‌ലാമും പോലുള്ള ചില വിശ്വാസ പാരമ്പര്യങ്ങളുടെ ഇന്ത്യൻ പതിപ്പുകൾ അവയുടെ ശുദ്ധ തത്ത്വങ്ങളെ ഒരിക്കലും സ്വാംശീകരിച്ചിട്ടില്ലെന്നും" കമീഷൻ ഓർമിപ്പിക്കുന്നു. ദാത് (ജാതി), അർദാൽ (കീഴ്ജാതി), കുഫ്‌വ് (കുടുംബ മഹിമ) തുടങ്ങിയ മുസ്‌ലിം സങ്കേതങ്ങളെ 'ഇസ്‌ലാമിന്റെ ഇന്ത്യൻ പതിപ്പി'ന്റെ കൊടിയടയാളങ്ങളായി കമീഷൻ എണ്ണുകയും സമുദായത്തിന്റെ പുനരാലോചനക്കായി വിടുകയും ചെയ്യുന്നു. ■

(അവസാനിച്ചു)